# 31. ലൈംഗിക വിദ്യാഭ്യാസം

ലൈംഗിക വിദ്യാഭ്യാസത്തെപ്പററിയുള്ള ചർച്ചകൾ നമ്മുടെ വിദ്യാർത്ഥികൾക്കിടയിൽ കൂടെക്കൂടെ നടക്കാറുണ്ട്. സ്ത്രീകളുടെയും പുരുഷന്മാരുടെയും ലൈംഗികാവയവങ്ങളുടെ ഘടനയും പ്രവർത്തനവും, സന്താനോല്പാദനമെന്ന പ്രക്രിയ—ഇത്രയുമാണ് ലൈംഗികവിദ്യാഭ്യാസത്തിൻെറ ഉള്ളടക്കമെന്നത്രേ നമ്മുടെ ധാരണ.

ഇതു് ലൈംഗികവിദ്യാഭ്യാസത്തിൻെറ താരതമ്യേന അപ്രധാനമായ വശം മാത്രമേ ആകുന്നുള്ളു എന്നു് സോഷ്യലിസ്റ്റ് സമൂഹങ്ങൾ കരുതുന്നു. വിവാഹത്തിനുമുമ്പ് യുവജനങ്ങൾക്ക നൽകുന്ന ഉപദേശം മാത്രമല്ല ലൈംഗികവിദ്യാഭ്യാസം.

പ്രേമം, വിവാഹം, കുടുംബം വളർത്തിയെടുക്കൽ എന്നീ അനുഭവങ്ങൾക്ക യുവതലമുറയെ തയ്യാറാക്കലാണു ലൈംഗികവിദ്യാഭ്യാസമെന്നു് സോഷ്യലിസ്റ്റ് സമൂഹങ്ങൾ വിശ്വസിക്കുന്നു. സോഷ്യലിസ്റ്റ് സമൂഹങ്ങളിൽ ഓരോ വ്യക്തിക്കും നൽകപ്പെടുന്ന സാമാന്യ വിദ്യാഭ്യാസത്തിൻെറ ഒരു സുപ്രധാന ഘടകമായി ഈ അർത്ഥത്തിലുള്ള ലൈംഗിക വിദ്യാഭ്യാസം പരിഗണിക്കപ്പെടുന്നു. ഗൃഹഭരണം, ശിശുപരിചരണം, ശിശുവിദ്യാഭ്യാസം, കുടുംബത്തിൽ ദമ്പതികൾ നേരിടുന്ന സാമൂഹ്യവും നിയമപരവും ജീവശാസ്ത്രപരവും മനഃശാസ്ത്രപരവുമായ പ്രശ്നങ്ങൾ എന്നിവയെല്ലാംതന്നെ സോഷ്യലിസ്റ്റ് സമൂഹങ്ങളിലെ ലൈംഗിക വിദ്യാഭ്യാസത്തിൻെറ ഘടകങ്ങളാകുന്നു. സോഷ്യലിസ്റ്റ് സദാചാര തത്വങ്ങൾക്ക് ഇണങ്ങുന്ന വിധത്തിലാവണം ഈ പ്രശ്നങ്ങളെല്ലാം ചർച്ചചെയ്യപ്പെടുന്നതു്. ഒരാൾ മറെറാരാളെ ചൂഷണംചെയ്യുന്നതു് പൂർണമായും അവസാനിപ്പിക്കൽ, പരസ്പരബഹുമാനം, സ്ത്രീകൾക്കും പുരുഷന്മാർക്കും തുല്യ അവകാശങ്ങളും തുല്യമായ ചുമതലകളും എന്നിവയത്രേ സോഷ്യലിസ്റ്റ് സദാചാരത്തിൻെറ അസ്തിവാരം.

കാസ്ട്രോവിൻെറ ക്യൂബയുടെ മുഖപത്രമായ 'ഗ്രാൻമ'യുടെ ഓഗസ്റ്റ് 22—ാം തീയതിയിലെ ലക്കത്തിൽ, ലൈംഗിക വിദ്യാഭ്യാസത്തിൻെറ രാഷ്ട്രീയവും താത്വികവുമായ വശങ്ങൾ വിസ്തരിച്ച ചർച്ചചെയ്യുന്ന ഒരു ലേഖനമുണ്ട്. സോഷ്യലിസത്തിൽ താല്പര്യമുള്ള കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഈ ലേഖനം രസപ്രദമാകാതിരിക്കയില്ല. അതിൻെറ ഒരു സാരസംഗ്രഹമാണ് ഇവിടെ ചേർക്കുന്നതു്.

സോഷ്യലിസ്റ്റ് സമൂഹത്തിൽ ലൈംഗികവിദ്യാഭ്യാസം സംബന്ധിച്ച ധാരണ, മുകളിൽ പറഞ്ഞതുപോലെ, വളരെ വിശാലമാകയാൽ, യുവജനങ്ങൾക്ക ശരിയായ ലൈംഗികവിദ്യാഭ്യാസം നല്കുന്നതിൽ സമൂഹത്തിൻെറ മുഴുവൻ പങ്കാളിത്തം ആവശ്യമായി ഗണിക്കപ്പെടുന്നു. അതേസമയം, ഈ വിഷയത്തിൽ മാതാപിതാക്കൾക്കുള്ള ഉത്തരവാദിത്വം, മററുള്ളവരുടേതിനെ അപേക്ഷിച്ച് വളരെ വമ്പിച്ചതാണ്. കാരണം, ശൈശവത്തിൽ കുടുംബത്തിൽനിന്നു നേടുന്ന അനുഭവങ്ങളാണു യുവജനങ്ങളുടെ ലൈംഗികബന്ധങ്ങളിലും ദാമ്പത്യജീവിതത്തിലുമുടനീളം പ്രതിഫലിക്കുക.

സന്താനോല്പാദനപ്രക്രിയയെപ്പററി ചില പ്രസംഗങ്ങൾ കേട്ടതുകൊണ്ടുമാത്രം യുവജനങ്ങളുടെ ദാമ്പത്യജീവിതം സ്ഥിരമോ, സുഖകരമോ ആകണമെന്നില്ല. ഭാര്യാഭർത്താക്കന്മാരുടെ പരസ്പരപ്രേമം, പരസ്പരബഹുമാനം, പരസ്പരസൗഹാർദം, ഐക്യബോധം

എന്നിവയാണ കുടുംബജീവിതത്തെ വിജയത്തിലേക്ക നയിക്കുന്നത്. ഈ മനോഭാവം യുവജനങ്ങളിൽ ഉളവാക്കുകയും, തങ്ങളുടെ കുട്ടികളെ സോഷ്യലിസ്റ്റ് തത്വങ്ങളനുസരിച്ച വളർത്തുന്നതിനുള്ള കഴിവ് യുവജനങ്ങൾക്ക നൽകുകയുമാണ്, വിശാലമായ അർത്ഥത്തിൽ, സോഷ്യലിസ്റ്റ് സമൂഹത്തിലെ ലൈംഗികവിദ്യാഭ്യാസം. ശരിയായ വികാരങ്ങൾ യുവജനങ്ങളിൽ വികസിക്കണം. പ്രേമം സ്വീകരിക്കുവാനും അതു തിരിച്ചു നൽകുവാനും അവർക്ക കഴിയണം. പ്രേമത്തോടൊപ്പം വന്നുചേരുന്ന ബാധ്യതകളെക്കുറിച്ച് അവർക്ക വ്യക്തമായ ധാരണയുണ്ടാവണം. കുടുംബമെന്നാൽ എന്തെന്നും കുടുംബത്തിൽ തങ്ങൾക്കുള്ള ഭൂമിക എന്തെന്നും അവർ അറിയണം. യുക്തിയുക്തമായി ചിന്തിച്ച് ഇണയെ തെരഞ്ഞെടുക്കാൻ യുവജനങ്ങൾക്ക സാധിക്കണം. ഇതാണ സോഷ്യലിസ്റ്റ് സമൂഹത്തിൽ ലൈംഗികവിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

ഈ അർത്ഥത്തിലുള്ള ലൈംഗികവിദ്യാഭ്യാസം യുവജനങ്ങൾക്ക നൽകുന്നതിന് കുടുംബം, അദ്ധ്യാപകർ, യുവജനസംഘടനകൾ, മഹിളാസംഘടനകൾ, മററു ബഹുജനസംഘടനകൾ എന്നിവ—ചുരുക്കത്തിൽ സമൂഹം ആകെ—സഹകരിച്ചു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വ്യത്യസ്ത ലിംഗത്തിൽപ്പെട്ടവരെപ്പററി ശരിയായ സങ്കല്പങ്ങൾ യുവജനങ്ങളിൽ വളർത്തുന്നതിനും അവരുടെ വ്യക്തിത്വത്തിന്റെ സമതുലിതമായ വികസനത്തിൽ പ്രേമത്തെ പ്രചോദകശക്തിയാക്കിത്തീർക്കുന്നതിനും ഈ സഹകരണം അനുപേക്ഷണീയമത്രെ.

ശിശുക്കൾക്കും കൗമാരപ്രായക്കാർക്കും യുവജനങ്ങൾക്കും രണ്ടാം കുടുംബമാണ് വിദ്യാലയം. അർത്ഥഗർഭങ്ങളായ പല വൈകാരിക ബന്ധങ്ങളും മുളയെടുക്കുന്നത് വിദ്യാലയത്തിൽവെച്ചാണ്. ഈ ബന്ധങ്ങളാണ് യുവാക്കളുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തുന്നത്. വിദ്യാർത്ഥികളുടെ വ്യക്തിത്വരൂപവല്ക്കരണത്തിൽ അദ്ധ്യാപകർക്ക് അതിപ്രധാനമായ പങ്കാണുള്ളത്.

സോഷ്യലിസ്റ്റ് വിപ്ലവം സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ തുടച്ചുമാററുന്നു. സാമ്പത്തിക ചൂഷണം അവസാനിപ്പിക്കുന്നു. പക്ഷേ, മനുഷ്യരുടെ പെരുമാററത്തിലും, ആചാരമര്യാദകളിലും, ധാർമികധാരണകളിലും മാററം വരാൻ പിന്നെയും കുറേക്കാലം പിടിക്കും. കുടുംബത്തിനകത്തും, വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങളിലെ മുൻ ധാരണകളും അന്ധവിശ്വാസങ്ങളും അനീതികളും വർഗസമൂഹത്തിലേതുതന്നെയായി വിപ്ലവത്തിനുശേഷവും തുടരും. ഈ സ്ഥിതി ലെനിൻ ഇങ്ങനെ വിവരിച്ചിട്ടുണ്ട്:

'യുദ്ധം, വിപ്ലവം എന്നിവ സൃഷ്ടിച്ച അന്തരീക്ഷത്തിൽ, പഴയ ആദർശമൂല്യങ്ങൾ തകരുന്നു; അവയുടെ നിയന്ത്രണശക്തി നഷ്ടപ്പെടുന്നു. പക്ഷേ, പുതിയ മൂല്യങ്ങൾ സാവധാനത്തിലേ രൂപം കൊള്ളുന്നുള്ളു. ഒന്നു നശിച്ച് മറെറാന്നു നിലവിൽ വരുകയെന്നത് മന്ദവും, പലപ്പോഴും വേദനാകരവും ആയ പ്രക്രിയയാണ്. ലൈംഗികബന്ധങ്ങൾ, വിവാഹം, കുടുംബം എന്നിവ സംബന്ധിച്ചും ഇതെല്ലാം പ്രസക്തമാണ്. ബൂർഷ്വാവിവാഹബന്ധത്തിന്റെ ജീർണതയും ചീയലും ചളിയും, ആ ബന്ധത്തിൽ ഭർത്താവിനുള്ള അനിയന്ത്രിത സ്വാതന്ത്ര്യവും, ഭാര്യയ്ക്കുള്ള അടിമത്തവും, അതിലെ അറപ്പുളവാക്കുന്ന വ്യാജ ലൈംഗിക സദാചാരവും ബന്ധങ്ങളും, ഏററവുമധികം ധർമബോധമുള്ള നല്ല മനുഷ്യരെ വെറുപ്പുകൊണ്ടു നിറയ്ക്കുന്നു.

'കുടുംബത്തിനുമേൽ ബൂർഷ്വാവിവാഹവും ബൂർഷ്വാനിയമങ്ങളും ചുമത്തുന്ന നിർബന്ധം സംഘർഷങ്ങൾ അധികമാക്കുകയും തിന്മകൾക്ക വളംവെക്കുകയുംചെയ്യുന്നു. ഈ അനീതികൾക്കെതിരെ ജനങ്ങൾ കലാ

പമുയർത്തുന്നു. വിപ്ലവകാലഘട്ടത്തിൽ, കരുത്തേറിയ ഭരണകൂടങ്ങരം തകരുകയും പഴയ ശാക്തികബന്ധങ്ങരം തകരാറിലാവുകയുംചെയ്യുമ്പോരം, സമൂഹബന്ധങ്ങരം ശിഥിലങ്ങളാവുമ്പോരം, വ്യക്തികളുടെ ധാരണകളിലും ത്വരിതമായ മാററങ്ങരം വന്നുചേരുന്നു. വ്യത്യസ്തങ്ങളായ സുഖാനുഭവങ്ങരംക്കുള്ള ഉത്തേജകമായ ദാഹം അനായാസമായി ശക്തിയാർജിക്കുന്നു. ബൂർഷ്വാ അർത്ഥത്തിലുള്ള ലൈംഗിക—വിവാഹ പരിഷ്കാരങ്ങരം പര്യാപ്തങ്ങളല്ലാതാകുന്നു. ലൈംഗികബന്ധങ്ങളിലും വിവാഹത്തിലും ഒരു വിപ്ലവം ആസന്നമാകുന്നു. പക്ഷേ, ഈ വിപ്ലവം തൊഴിലാളിവിപ്ലവത്തിനു് ഇണങ്ങുന്നതായിരിക്കണം. ഇന്നത്തെ ലൈംഗിക ബന്ധങ്ങളുടെ തകരാറുകരംകൊണ്ടു വല്ലാതെ കഷ്ടപ്പെടുന്നതു് സ്ത്രീകളും യുവജനങ്ങളുമാകയാൽ, ഈ ലൈംഗികവിപ്ലവത്തിൻെറ ഫലമായുളവാകുന്ന സങ്കീർണപ്രശ്നങ്ങളിൽ സ്ത്രീകളും യുവജനങ്ങളും അഗാധമായ താല്പര്യം പ്രദർശിപ്പിക്കുന്നതു സ്വാഭാവികമാണു്.' ലെനിൻ തുടരുന്നു:

'വിപ്ലവകരമെന്നും കമ്യൂണിസത്തിനനുഗുണകരമെന്നും പലരും ആത്മാർത്ഥമായി വിശ്വസിക്കുന്ന'പുതിയ ലൈംഗികജീവിതം' പഴയ ബൂർഷ്വാ സമൂഹത്തിലെ വ്യഭിചാരവ്യവസ്ഥിതിയുടെ തുടർച്ച മാത്രമാണെന്നു് എനിക്കു തോന്നുന്നു. കമ്യൂണിസ്റ്റുകാരുടെ ധാരണയിലുള്ള 'സ്വതന്ത്രപ്രേമ'വുമായി അതിനൊരു ബന്ധവുമില്ല. കമ്യൂണിസ്റ്റു് സമൂഹത്തിൽ ലൈംഗികതൃഷ്ണയും പ്രേമദാഹവും ശമിപ്പിക്കുന്നതു് ഒരു ഗ്ലാസ് വെള്ളം കുടിക്കുന്നതുപോലെ ലഘുവും നിസ്സാരവുമായ ഒരു കൃത്യമാണെന്ന കുപ്രസിദ്ധ സിദ്ധാന്തം നിങ്ങരം കേട്ടിരിക്കും. ഈ 'ഗ്ലാസ്വെള്ള സിദ്ധാന്ത'ത്തെച്ചൊല്ലി നമ്മുടെ യുവജനങ്ങളിൽ ഒരു വിഭാഗത്തിനു ഭ്രാന്തുപിടിച്ചിരിക്കുന്നു. ഇതൊരു മാർക്സിസ്റ്റ് സിദ്ധാന്തമെന്നത്രെ അതിൻെറ ആരാധകർ പറയുന്നതു്. എന്നാൽ, 'ഗ്ലാസ്വെള്ളസിദ്ധാന്തം' മാർക്സിസത്തിനു കടകവിരുദ്ധമെന്നു മാത്രമല്ല, സമൂഹത്തിനു തന്നെ വിനാശകരവുമാണെന്നു ഞാൻ കരുതുന്നു. ലൈംഗികജീവിതത്തിൽ ആവിഷ്കരിക്കപ്പെടുന്നതു് പ്രകൃതിദത്തമായ വികാരം മാത്രമല്ല, ഉയർന്നതോ താഴ്ന്നതോ ആയ ആർജിതസംസ്കാരംകൂടിയാണു്. ദാഹം ശമിപ്പിക്കേണ്ടതുതന്നെ. പക്ഷേ, സാധാരണനിലയിൽ സുബോധമുള്ള ഒരു മനുഷ്യൻ ഗട്ടറിൽ കമിഴ്ന്നുവീണു് അതിലെ ചളിവെള്ളം കുടിക്കുമോ? പല ചുണ്ടുകരം മൊത്തി വക്കിൽ മെഴുക്കു പുരണ്ട ഒരു ഗ്ളാസിൽനിന്നുപോലും കുടിക്കുമോ? ഇവിടെ സാമൂഹ്യവശമാണു സർവ്വപ്രധാനം. വെള്ളം കുടിക്കുകയെന്നതു തികച്ചും വ്യക്തിപരമായ കാര്യമാണു്. പക്ഷേ, സ്ത്രീപുരുഷസംയോഗത്തിനു രണ്ടു് ആളുകരം വേണം; അതിൻഫലമായി മൂന്നാമതു് ഒരാരം, ഒരു പുതിയ ജീവൻ, ഉളവാകാൻ സാദ്ധ്യതയുമുണ്ടു്. അതിനാൽ സ്ത്രീപുരുഷസംയോഗം സാമൂഹ്യസ്വഭാവമുള്ളതാണു്; സമൂഹത്തോടുള്ള ഒരു കർത്തവ്യമാണു് അതു്.'

വിപ്ലവത്തിൻെറ ഫലമായി കൈവരുന്ന ലൈംഗികസ്വാതന്ത്ര്യം സാമൂഹ്യമായ തികഞ്ഞ ഉത്തരവാദിത്തത്തോടെ മാത്രം ഉപയോഗപ്പെടുത്തേണ്ടതിൻെറ ആവശ്യമാണു് ലെനിൻ ഇവിടെ ചൂണ്ടിക്കാട്ടുന്നതു്. ഇണകളുടെ വ്യക്തിബന്ധങ്ങരംക്കുള്ളിൽ പൂർണമായ ഉത്തരവാദിത്തബോധത്തോടെ വേണം സ്വതന്ത്രപ്രേമം വളർന്നു വികസിക്കാൻ.

മനുഷ്യവർഗം ആവിഷ്കരിച്ചിട്ടുള്ളതിൽ ഏററവും സ്വതന്ത്രവും ഉന്നതവുമായ ലൈംഗിക സദാചാരമാണു് സോഷ്യലിസ്റ്റ് സമൂഹത്തിൻേറതു്. സോഷ്യലിസ്റ്റ് സമൂഹത്തിൽ സ്ത്രീയെ പുരുഷൻെറ അടിമയാക്കുന്ന സാഹചര്യങ്ങരം ഒന്നും നിലവിലില്ല. ലൈംഗികബന്ധങ്ങളുടെ ലക്ഷ്യം സന്താനോല്പാദനം മാത്രമാണെന്നോ ഇണകരം ലൈംഗികബന്ധ

ങ്ങളിൽനിന്നു് ആഹ്ലാദം നേടുന്നതു പാപമാണെന്നോ സോഷ്യലിസ്റ്റ് സമൂഹം കരുതുന്നില്ല.

സോഷ്യലിസ്റ്റ് സമൂഹത്തിൽ പുരുഷനും സ്ത്രീയ്ക്കും തുല്യമായ ലൈംഗികസ്വാതന്ത്ര്യമുണ്ട്. ലൈംഗികസദാചാരത്തിലും കുടുംബബന്ധങ്ങളിലും നിർണായകഘടകം സോഷ്യലിസ്റ്റ് സമൂഹത്തിൽ പ്രേമമാകുന്നു. സാമ്പത്തികമോ, സാമൂഹ്യമോ ആയ മെച്ചത്തിനു വേണ്ടിയുള്ള വിവാഹങ്ങളോ, സമ്മർദംകൊണ്ടോ, ആശ്രിതത്വംകൊണ്ടോ സമ്മതിക്കപ്പെടുന്ന ബന്ധങ്ങളോ, സോഷ്യലിസ്റ്റ് സമൂഹത്തിൽ ഉണ്ടാകേണ്ടതില്ല. ഇതിൻ ഫലമായി സോഷ്യലിസ്റ്റ് സമൂഹത്തിൽ പുരുഷന്റെ അടിമയോ, ദാസിയോ, ലൈംഗികബന്ധങ്ങളിലെ നിഷ്ക്രിയപ്പങ്കാളിയോ അല്ല സ്ത്രീ.

സ്ത്രീ നേടുന്ന ഈ സ്വാതന്ത്ര്യം, ജീവശാസ്ത്രപരമായും, മനശ്ശാസ്ത്രപരമായും, ദമ്പതികൾക്കു വളരെയേറെ ഗുണംചെയ്യുന്നു. മനുഷ്യബന്ധങ്ങൾക്ക് ആണ് സോഷ്യലിസ്റ്റ് ദാമ്പത്യത്തിൽ മുഖ്യപരിഗണന. ഇതിൻഫലമായി ദമ്പതിമാരിൽ ഉളവാകുന്ന ചങ്ങാത്തവും പരസ്പര ധാരണയും അവരുടെ ജീവിതത്തെ സൗഭാഗ്യസമ്പൂർണമാക്കുന്നു.

'സ്വാതന്ത്ര്യപ്രേമം' എന്നതിനർത്ഥം സാമ്പത്തികസമ്മർദമോ സാമൂഹ്യസമ്മർദമോ ഇല്ലാത്ത പ്രേമമെന്നു മാത്രമല്ല, പരസ്പരം തെരഞ്ഞെടുക്കാനുള്ള ഇണകളുടെ സ്വാതന്ത്ര്യം എന്നുകൂടി അതിനർത്ഥമുണ്ട്.

'അറിഞ്ഞുകൊണ്ടു തിരഞ്ഞെടുക്കാനുള്ള കഴിവാണു സ്വതന്ത്രമായ ഇച്ഛാശക്തി' എന്നു് ഏംഗെൽസ് പറഞ്ഞിട്ടുണ്ട്. ലൈംഗികകാര്യങ്ങളിൽ പൂർണമായ ഉത്തരവാദിത്തത്തോടെ ഓരോ യുവാവും ഓരോ യുവതിയും പെരുമാറണമെങ്കിൽ ലൈംഗികബന്ധങ്ങളെ സംബന്ധിച്ച ജീവശാസ്ത്രപരവും ആശയസംഹിതാപരവും സദാചാരപരവുമായ സമഗ്ര വിജ്ഞാനം പുതിയ തലമുറ നേടേണ്ടിയിരിക്കുന്നു.

മൃഗീയവികാരങ്ങളെ കയറൂരിവിടുന്നതോ, പങ്കാളിയെ കൂടെക്കൂടെ മാറിക്കൊണ്ടിരിക്കുന്നതോ അല്ല സ്വതന്ത്രപ്രേമം. ഉത്തരവാദിത്തബോധവും പരസ്പരബഹുമാനവും സ്വതന്ത്രപ്രേമത്തിൽ അടങ്ങിയിരിക്കുന്നു. ലൈംഗികതോന്ന്യാസങ്ങൾക്കു സ്വതന്ത്രപ്രേമവുമായി ഒരു ബന്ധവുമില്ല.

സ്ത്രീകളുടെ പദവി താഴ്ത്തിയും, അവർക്കു രണ്ടാംതരം പൗരത്വം മാത്രം നൽകിയും, അവരെ സ്വകാര്യസ്വത്തായി കണക്കാക്കിയും പോന്ന ബൂർഷ്വാപാരമ്പര്യവും, അതിലെ ഇരട്ടസദാചാരവും തുടച്ചു മാററുകയെന്നതു പുതിയ സോഷ്യലിസ്റ്റ് സമൂഹത്തിന്റെ സൃഷ്ടിക്ക് അനുപേക്ഷണീയമാണ്. ഈ അവശതകളെല്ലാം സ്ത്രീകൾ സഹിച്ചു പോരുന്നതാകട്ടെ, അജ്ഞതകൊണ്ടു മാത്രമാകുന്നു.

സന്തുഷ്ടമായ വിവാഹജീവിതം നയിക്കുന്നതിനും, സുഖപൂർണമായ കുടുംബം പടുത്തുയർത്തുന്നതിനും ആവശ്യമായ അറിവും മാർഗദർശനവും രാഷ്ട്രീയ–സദാചാരവിദ്യാഭ്യാസവും യുവതലമുറയ്ക്കു നിരന്തരമായി നൽകിക്കൊണ്ടിരിക്കണം. സാമൂഹ്യവ്യവസ്ഥ മാറുന്നതുകൊണ്ടു മാത്രം വ്യക്തികളുടെ ധാരണകളും നിലപാടുകളും പെരുമാററങ്ങളും തനിയെ മാറുകയില്ല. കുട്ടികൾക്കു വിദ്യാഭ്യാസം നൽകാൻ ആലോചിക്കുംമുമ്പു മുതിർന്നവർ—മാതാപിതാക്കൾ, അദ്ധ്യാപകർ, ഡോക്ടർമാർ, മനശ്ശാസ്ത്രജ്ഞർ, നിയമവിദഗ്ദ്ധർ, രാഷ്ട്രീയനേതാക്കൾ—ശരിയായ വിദ്യാഭ്യാസം നേടണം; കാരണം, പുതിയ തലമുറയ്ക്കു ശരിയായ വിദ്യാഭ്യാസം കൊടുക്കേണ്ട ചുമതല ഇവർക്കെല്ലാവർക്കുമുണ്ട്. മുതിർന്നവർ സ്വന്തം പ്രവൃത്തികളിലൂടെ യുവജനങ്ങൾക്കു മാതൃക സൃഷ്ടിക്കണം. ഇതിനു് മൂന്നു കാര്യങ്ങൾ അവർ ചെയ്യേണ്ടിയിരിക്കുന്നു:

1. ലൈംഗികകാര്യങ്ങളെ ആവരണംചെയ്തുനില്ക്കുന്ന രഹസ്യാത്മകത നീക്കിക്കളയുക; സാമാന്യ വിദ്യാഭ്യാസത്തിൽ ലൈംഗികവിദ്യാഭ്യാസംകൂടി ഉൾപ്പെടുത്തുക.

2. തുറന്ന, സത്യസന്ധമായ, സ്വയം വിമർശനത്തിലൂടെ ലൈംഗികകാര്യങ്ങളെ സംബന്ധിച്ച ദുഷിച്ച ബൂർഷ്വാധാരണകൾ മനസ്സിൽനിന്നു പിഴുതെറിയുക.

3. നല്ല തൊഴിലാളികളായി മാത്രമല്ല, നല്ല ഭർത്താക്കന്മാരും ഭാര്യമാരുമായി, നല്ല അച്ഛന്മാരും അമ്മമാരുമായിക്കൂടി, വളരാനുള്ള പരിശീലനം യുവജനങ്ങൾക്കു നൽകുക.

(14 സെപ്തംബർ, 1982)